# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2275** **11-6-2018 - ൽ മറുപടിയ്ക്ക്**

## ലീഗൽ മെട്രോളജി വകുപ്പിന്റെ പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. മുല്ലക്കര രത്നാകരൻ**<br>**ശ്രീമതി. ഇ.എസ്.ബിജിമോൾ**<br>**ശ്രീ ഇ.ടി.ടൈസൺ മാസ്റ്റർ**<br>**" വി.ആർ.സുനിൽ കുമാർ:** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി)** |
| (എ) ലീഗൽ മെട്രോളജി വകുപ്പിൽ നിന്നും ലഭ്യമാക്കുന്ന സേവനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | (എ)<br>◆ അളവ് തൂക്ക ഉപകരണങ്ങളുടെ കൃത്യതാ പരിശോധനയും മുദ്ര വയ്പ്പും.<br>◆ നിർമ്മാതാവ്/പായ്ക്കർ/ഇംപോർട്ടർ എന്നിവരുടെ രജിസ്ട്രേഷൻ,രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിലെ ഭേദഗതികൾ,ഡ്യൂപ്ലിക്കേറ്റ് നൽകൽ<br>◆ റിപ്പയർ, ഡീലർ, മാനുഫാക്ചറിംഗ് ലൈസൻസുകൾ അനുവദിക്കൽ,പുതുക്കൽ,ഭേദഗതി വരുത്തൽ,ഡ്യൂപ്ലിക്കേറ്റ് നൽകൽ<br>◆ ഉപഭോക്തൃ അവകാശ സംരക്ഷണാർത്ഥം അളവു തൂക്ക ഉപകരണങ്ങളിൽ കൃത്രിമം കാണിക്കുന്നവരെ കണ്ടെത്തുന്നു. ഉപഭോക്താക്കൾക്ക് കൃത്യമായ തൂക്കത്തിലും അളവിലും സാധനങ്ങൾ ലഭ്യമാക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നു. പായ്ക്കറ്റിലാക്കിയ ഉൽപ്പന്നങ്ങളിൽ ഉപഭോക്താവിന്റെ അറിയുവാനുള്ള അവകാശം സംരക്ഷിക്കുന്നു. വ്യാപാര സ്ഥാപനങ്ങൾ, പെട്രോൾ പമ്പുകൾ, ഓട്ടോറിക്ഷകൾ എന്നിവയിൽ മിന്നൽ പരിശോധനകൾ നടത്തുകയും നിയമ ലംഘനങ്ങൾക്കെതിരെ നടപടി സ്വീകരിച്ച് ഉപഭോക്തൃ സംരക്ഷണം ഉറപ്പ് വരുത്തുകയും ചെയ്യുന്നു. |
| (ബി) പരാതികൾ അറിയിക്കുന്നതിനായി പൊതുജനങ്ങൾക്ക് ലീഗൽ മെട്രോളജി വകുപ്പിനെ ബന്ധപ്പെടുന്നതിനുള്ള എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത്; | (ബി) പൊതുജനങ്ങൾക്ക് നേരിട്ട് ലീഗൽ മെട്രോളജി വകുപ്പിനെ ബന്ധപ്പെടുന്നതിന് വകുപ്പ് അദ്ധ്യക്ഷന്റെ കാര്യാലയത്തിലും ജില്ലാ ഓഫീസുകളിലും താലൂക്കുകളിലെ എല്ലാ ഇൻസ്പെക്ടർ ഓഫീസുകളിലും ടെലിഫോൺ സൗകര്യം ലഭ്യമാണ്. പൊതുജനങ്ങൾക്ക് |

പരാതി നൽകുന്നതിനായി ലീഗൽ മെട്രോളജി വകുപ്പ് സുതാര്യം എന്ന പേരിൽ പുതുതായി മൊബൈൽ ആപ്പ് വികസിപ്പിച്ചിട്ടുണ്ട്. കൂടാതെ ഇ-മെയിൽ മുഖേനയും പരാതികൾ അറിയിക്കാവുന്നതാണ്.

(സി) ലീഗൽ മെട്രോളജി വകുപ്പിനെ ജനങ്ങളിലേക്ക് കൂടുതൽ എത്തിക്കുന്നതിനും ജനസൗഹാർദ്ദമാക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(സി)
- അച്ചടി-ദൃശ്യ-ശ്രവണ മാധ്യമങ്ങളിൽ വകുപ്പിനെ സംബന്ധിച്ച് പരസ്യം നൽകി വരുന്നു.

പൊതുജനങ്ങൾക്ക് വകുപ്പിനെ സംബന്ധിച്ച സംശയങ്ങൾ ദൂരീകരിക്കുന്നതിനും പരാതികൾ നൽകുന്നതിനും ടോൾ ഫ്രീ നമ്പറോടുകൂടി കാൾ സെന്റർ ആരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു.

(ഡി) ലീഗൽ മെട്രോളജി വകുപ്പിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

(ഡി)
- വകുപ്പിൽ 21 പുതിയ തസ്തികകൾ സൃഷ്ടിച്ചു.
- തിരുവനന്തപുരം പട്ടത്തെ വകുപ്പിന്റെ ഹെഡ് ക്വാർട്ടേഴ്സ് ആന്റ് ലബോറട്ടറി കോംപ്ലക്സ് ഏഴ് നില കെട്ടിടത്തിന്റെ സിവിൽ വർക്കുകൾ പൂർത്തിയായി. ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ്, ഇന്റീരിയർ വർക്ക്സ് തുടങ്ങിയവകൂടി പൂർത്തിയാക്കി 2018-19 സാമ്പത്തിക വർഷം ടി കെട്ടിടം വകുപ്പിന് ഉപയോഗ യോഗ്യമാക്കുന്നതാണ്.
- കൊല്ലത്ത് ആധുനിക ലബോറട്ടറി സൗകര്യങ്ങളോടു കൂടിയ ജില്ലാ ഓഫീസ് കെട്ടിട സമുച്ചയത്തിന്റെ നിർമ്മാണം ആരംഭിച്ചു.
- പുതുതായി 14 വാഹനങ്ങൾ അനുവദിച്ചു.
- ജ്വല്ലറികളിൽ വിൽക്കുന്ന സ്വർണ്ണാഭരണങ്ങളുടെ ശുദ്ധത പരിശോധിച്ച് സാക്ഷ്യപ്പെടുത്തി നൽകുന്നതിനായി കേന്ദ്ര സഹായത്തോടെവകുപ്പിന്റെ കീഴിൽ ഹാൾ മാർക്കിംഗ് സെന്ററുകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നു.
- വകുപ്പിന്റെ ഓഫീസ് നിമ്മാണത്തിനായി കോട്ടയം ജില്ലയിൽ സ്ഥലം ലഭ്യമാക്കിയിട്ടുണ്ട്.
- കാസർഗോഡ്, പാലക്കാട് ജില്ലകളിൽ ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.
- എറണാകുളം കാക്കനാട് ലീഗൽ മെട്രോളജി ഭവനിൽ പ്രവർത്തിക്കുന്ന

ഗോൾഡ് പ്യൂരിറ്റി ടെസ്റ്റിംഗ് ലാബിന് NABL അക്രഡിറ്റേഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

- നിയമ ലംഘനങ്ങൾ ചിത്രങ്ങളായോ, വീഡിയോ ആയോ സന്ദേശങ്ങളായോ പൊതുജനങ്ങൾക്ക് ബന്ധപ്പെട്ട ലീഗൽ മെട്രോളജി ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽപ്പെടുത്തി സത്വര പരിഹാരം തേടുന്നതിന് സുതാര്യം എന്ന ഒരു മൊബൈൽ ആപ്ലിക്കേഷൻ ആരംഭിച്ചിട്ടുണ്ട്.

- വകുപ്പിന്റെ സേവനങ്ങളായ ലൈസൻസ്, പായ്ക്കർ, രജിസ്ട്രേഷൻ തുടങ്ങിയവ ലീഗൽ മെട്രോളജി ഓപ്പറേഷൻ മാനേജ്മെന്റ് സിസ്റ്റം (LMOMS) പദ്ധതിയിലൂടെ നടപ്പ് സാമ്പത്തിക വർഷത്തിൽ തന്നെ പൊതുജനങ്ങൾക്ക് ഓൺലൈനായി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

- വകുപ്പിന്റെ വാഹനങ്ങളിൽ ജി.പി.എസ് സംവിധാനം ഏർപ്പെടുത്തുന്നു. ആയതിലൂടെ പരാതിക്കാധാരമായ സ്ഥാപനത്തിന്റെ ഏറ്റവും അടുത്തുള്ള വാഹനം ട്രാക്ക് ചെയ്ത് നിർവ്വഹണ ഉദ്യോഗസ്ഥന് വിവരം കൈമാറുന്നതിനും വ്യാപാര സ്ഥാപനം പരിശോധിച്ച് പരാതിക്ക് പരിഹാരം കാണുന്നതിനും ഉതകുന്ന സോഫ്റ്റ് വെയർ സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളത്.

- ഐ.റ്റി സെൽ രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു.

- ആരോഗ്യ മേഖലകളിൽ ഉപയോഗിച്ചു വരുന്ന അളവ്-തൂക്ക ഉപകരണങ്ങളുടെ കൃത്യത ഉറപ്പു വരുത്തുന്നതിനായി കാക്കനാട് പരിശോധന ലാബ് സജ്ജമാക്കി.

- പെട്രോൾ പമ്പുകളിലെ ക്രമക്കേടുകൾ കണ്ടെത്തുന്നതിന് രാത്രി കാല മിന്നൽ പരിശോധനകൾ ആരംഭിച്ചു.

- ഉപഭോക്തൃ ചൂഷണം തടയുന്നതിനായി ഓരോ മേഖലയും കേന്ദ്രീകരിച്ച് സ്പെഷ്യൽ ഡ്രൈവുകൾ നടത്തി വരുന്നു.

- നിർവ്വഹണ ഉദ്യോഗസ്ഥരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി നിരന്തരമായ പരിശീലനം നൽകുന്നു.

- ലീഗൽ മെട്രോളജി നിയമങ്ങളെക്കുറിച്ചും വകുപ്പിന്റെ പ്രവർത്തനങ്ങളെക്കുറിച്ചും ഉപഭോക്താക്കളെ ബോധവാന്മാരാ-

ക്കുന്നതിനായി ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിലൂടെ പരസ്യങ്ങൾ നൽകി വരുന്നു.

- ഉപഭോക്തൃ ബോധവൽക്കരണത്തിനായി എല്ലാ പഞ്ചായത്തുകളിലും റേഡിയോ കിയോസ്കുകൾ ആരംഭിക്കുന്നതിനായുള്ള നടപടികൾ പുരോഗമിക്കുന്നു.

സെക്ഷൻ ഓഫീസർ